**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **13-12-2022 - ൽ മറുപടിയ്ക്ക്**

**സബ് എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൻ കീഴിൽ സബ് എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് അറിയിക്കുമോ; | (എ) | 1) Sub Engineer (Ele) തസ്തികയിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നേരിട്ട് നിയമനം നടത്തുന്ന 30% PSC ക്വാട്ടയ്ക്ക് ആവശ്യമായ യോഗ്യത ചുവടെ ചേർക്കുന്നു.<br><br><u>പൊതു യോഗ്യത</u><br><br>SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത<br><br><u>സാങ്കേതിക യോഗ്യത</u><br><br>3 വർഷം Regular ആയോ Part time ആയോ പഠിച്ച് സമ്പാദിച്ച് AICTE അംഗീകരിച്ച ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്ലോമ, മേൽപ്പറഞ്ഞ വിഷയത്തിലുള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. വികലാംഗർ ഈ തസ്തികയിൽ അപേക്ഷിക്കാൻ യോഗ്യരല്ല.<br><br>(2) Sub Engineer (Ele) തസ്തികയ്ക്ക് താഴെ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.ലിമിറ്റഡിലെ ജീവനക്കാരിൽ നിന്നും KPSC മുഖേന നിയമനം നടത്തുന്ന 10% ഇൻ സർവ്വീസ് ക്വാട്ടയ്ക്ക് (ബൈ ട്രാൻസ്ഫർ) ആവശ്യമായ യോഗ്യത ചുവടെ ചേർക്കുന്നു.<br><br><u>പൊതു യോഗ്യത</u><br><br>SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത<br><br><u>സാങ്കേതിക യോഗ്യത</u><br><br>3 വർഷ കാലയളവിൽ പഠനത്തോട്ടു കൂടി പൂർത്തീകരിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ<br><br>അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്ലോമ അല്ലെങ്കിൽ അംഗീകൃത ടെക്നിക്കൽ സ്കൂളിൽ നിന്നും ലഭിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റും 5 വർഷത്തെ ബോർഡ് സർവ്വീസും.<br><br>(3)കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മീറ്റർ റീഡർ, ഓവർസിയർ(ഇല) എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും സബ് എഞ്ചിനീയർ (ഇല) തസ്തികയിലേയ്ക്ക് യഥാക്രമം 40%, 20% ക്വാട്ടയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ആവശ്യമായ യോഗ്യത ചുവടെ ചേർക്കുന്നു.<br><br><u>പൊതു യോഗ്യത</u><br><br>SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത<br><br><u>സാങ്കേതിക യോഗ്യത</u><br><br>Electrician/Wireman/Electronics എന്നീ വിഷയങ്ങളിൽ Regular ആയോ Private ആയോ പഠനം പൂർത്തീകരിച്ച് NCVT അംഗീകരിച്ച സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് &കമ്മ്യൂണിക്കേഷനിലെ ഡിപ്ലോമ കൂടാതെ ഫീഡർ കാറ്റഗറിയിൽ (മീറ്റർ റീഡർ/ ഓവർസിയർ) 5 വർഷത്തെ കെ.എസ്.ഇ.ബി.ലിമിറ്റഡിലെ സർവ്വീസും. |
| (ബി) | ഇലക്ട്രിക്കൽ ഡിപ്ലോമ പാസായവർക്ക് മാത്രമാണോ സബ് എഞ്ചിനീയർ തസ്തിക; അറിയിക്കുമോ; | (ബി) | അല്ല. നേരിട്ടുള്ള നിയമനത്തിൽ (30%) ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവരെ പരിഗണിക്കുന്നതാണ്. |
| (സി) | ബി-ടെക്ക് യോഗ്യതയുള്ളവർ സബ് എഞ്ചിനിയർ തസ്തികയിൽ അപേക്ഷിക്കുവാൻ അർഹരാണോ; വ്യക്തമാക്കുമോ? | (സി) | 06.05.2021-ലെ ബോർഡ് ഉത്തരവ് പ്രകാരം 30% ക്വാട്ടയിൽ ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ B.Tech ബിരുദമുള്ളവർ Sub Engineer (Ele) തസ്തികയിൽ അപേക്ഷിക്കാൻ അർഹരാണ്. |

സെക്ഷൻ ഓഫീസർ